സർക്കിൾ സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പ്

142 [1281] ഡോ. തോമസ് ഐസക്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാത്ത സർക്കിൾ സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സർക്കിൾ സഹകരണ യൂണിയനുകൾക്കാണ് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ ഇല്ലാത്തതെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കിൾ സഹകരണ യൂണിയനുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുമുമ്പായി സംസ്ഥാന സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് നടത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള എത്ര സർക്കിൾ സഹകരണ യൂണിയനുകൾക്ക് ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട സമിതിയുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം 31-3-2004-നകം തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി കൈക്കൊണ്ട് വരുന്നുണ്ട്.

(ബി) വെളിപ്പെടുത്താം. താഴെപ്പറയുന്ന 62 സർക്കിൾ സഹകരണ യൂണിയനുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ല.

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ചിറയിൻകീഴ്
5. കൊല്ലം
6. കൊട്ടാരക്കര
7. പുനലൂർ
8. കരുനാഗപ്പള്ളി
9. ശാസ്താംകോട്ട
10. കോഴഞ്ചേരി
11. റാന്നി
12. അടൂർ
13. തിരുവല്ല
14. മല്ലപ്പള്ളി
15. ചേർത്തല
16. അമ്പലപ്പുഴ
17. കാർത്തികപ്പള്ളി
18. കുട്ടനാട്

LIBRARY ARCHIVES Kerala Legislative Assembly

19. മാവേലിക്കര
20. ചെങ്ങന്നൂർ
21. ചങ്ങനാശ്ശേരി
22. കാഞ്ഞിരപ്പള്ളി
23. കോട്ടയം
24. വൈക്കം
25. മീനച്ചിൽ
26. ദേവികുളം
27. ഉടുമ്പൻചോല
28. പീരുമേട്
29. തൊടുപുഴ
30. കൊച്ചി
31. കണയന്നൂർ
32. വടക്കൻ പറവൂർ
33. കോതമംഗലം
34. ആലുവ
35. കുന്നത്തുനാട്
36. മൂവാറ്റുപുഴ
37. തൃശ്ശൂർ
38. തലപ്പള്ളി
39. കൊടുങ്ങല്ലൂർ
40. മുകുന്ദപുരം
41. ചാവക്കാട്
42. ഒറ്റപ്പാലം
43. മണ്ണാർക്കാട്
44. ആലത്തൂർ
45. ചിറ്റൂർ
46. പാലക്കാട്
47. പൊന്നാനി
48. പെരിന്തൽമണ്ണ
49. ഏറനാട്
50. തിരൂർ
51. കൊയിലാണ്ടി
52. വടകര
53. കോഴിക്കോട്
54. വെത്തിരി
55. മാനന്തവാടി
56. സുൽത്താൻബത്തേരി
57. തലശ്ശേരി
58. കൂത്തുപറമ്പ്
59. കണ്ണൂർ
60. തളിപ്പറമ്പ്
61. ഹോസ്ദുർഗ്ഗ്
62. കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളിൽ ഒന്നിലും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ല.

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

143 [1282] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഈ സ്ഥാപനങ്ങളിൽ എത്ര വിദ്യാർത്ഥികളും അദ്ധ്യാപകരുമുണ്ടെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ ദേശീയ മാനദണ്ഡങ്ങൾ ഈ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ;

(ഡി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏതെങ്കിലും ബിരുദങ്ങൾക്ക് അംഗീകാരമില്ലാതാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു മെഡിക്കൽ കോളേജ് (പരിയാരം) പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ, രജിസ്ട്രാർ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൻകീഴിൽ കൊച്ചി മെഡിക്കൽ കോളേജും അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിച്ചുവരുന്നു.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു:

		വിദ്യാർത്ഥികൾ	അദ്ധ്യാപകർ
1.	പരിയാരം മെഡിക്കൽ കോളേജ്	500	187
2.	കൊച്ചി മെഡിക്കൽ കോളേജ്	149	142
3.	പെരുമൺ എഞ്ചിനീയറിംഗ് കോളേജ്	869	30
4.	കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജ്	618	35
5.	വടകര എഞ്ചിനീയറിംഗ് കോളേജ്	715	34
6.	തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ്	594	36
7.	തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജ്	439	26

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം ഡി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly